**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.T 1590** **01/11/2019-ൽ മറുപടിയ്ക്ക്**

**പ്ലാന്റേഷൻ കോർപ്പറേഷൻ ഗോഡൗണിലെ എൻഡോസൾഫാൻ ശേഖരം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| **എ)** മണ്ണാർക്കാട് തത്തമംഗലം പ്ലാന്റേഷൻ കോർപ്പറേഷൻ ഗോഡൗണിൽ എൻഡോസൾഫാൻ ശേഖരം സൂക്ഷിച്ച് വച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | **എ)** പ്ലാന്റേഷൻ കോർപറേഷന്റെ മണ്ണാർക്കാട്, തത്തമംഗലം ഗോഡൗണിൽ 225 ലിറ്റർ എൻഡോസൾഫാൻ, സംസ്ഥാന റവന്യൂ വകുപ്പിന്റെ ഉത്തരവാദിത്തത്തിൽ സൂക്ഷിച്ചു വെച്ചിട്ടുണ്ട്. |
| **ബി)** എൻഡോസൾഫാൻ ശേഖരം നീക്കം ചെയ്യുമെന്ന് എൻഡോസൾഫാൻ സെല്ലിലെ നോഡൽ ഓഫീസർ നൽകിയ ഉറപ്പ് ഇനിയും പാലിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | **ബി)** എൻഡോസൾഫാൻ ശേഖരം നിർവ്വീര്യമാക്കുന്നതിന് ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിന്റെ ഉദ്യോഗസ്ഥരുടെയും കേരളാ കാർഷിക സർവ്വകലാശാല പടന്നക്കാട് കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെയും സഹായത്താൽ നടപടികൾ സ്വീകരിച്ച് വരുന്നു. പാലക്കാട് മണ്ണാർക്കാട് പ്ലാന്റേഷൻ കോർപ്പറേഷൻ ഗോഡൗണിലെ എൻഡോസൾഫാൻ നിർവ്വീര്യമാക്കുന്നതിന് മുന്നോടിയായി സുരക്ഷിതമായി ബാരലുകളിലേക്ക് മാറ്റി സൂക്ഷിച്ചിട്ടുണ്ട്. |
| **സി)** ബാരലുകളിലുള്ള എൻഡോസൾഫാൻ നീക്കം ചെയ്ത് നിർവ്വീര്യമാക്കുവാൻ പാലക്കാട് ജില്ലാ കളക്ടർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇതിനായി അടിയന്തര നിർദ്ദേശം നൽകുമോ എന്ന് | **സി)** കാർഷിക കോളേജ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം കാസർഗോഡ് ജില്ലയിലെ ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ നിർവ്വീര്യമാക്കൽ പ്രവൃത്തിക്ക് 31 ലക്ഷം രൂപ ചെലവാകുമെന്ന |

വ്യക്തമാക്കുമോ?

സാഹചര്യത്തിൽ കാസർഗോഡ് വികസന പാക്കേജിൽ അനുവദിച്ച 10 ലക്ഷം രൂപയ്ക്ക് അധികമായി വേണ്ടിവരുന്ന തുക ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. രണ്ടാം ഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിലെ എൻഡോസൾഫാൻ ശേഖരം സംബന്ധിച്ച നടപടികൾ ആരംഭിക്കുന്നതാണ്. പാലക്കാട് ജില്ലാ കളക്ടറുടെ 10.09.2018-ലെ കത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ ഉന്നതതലയോഗം ചേരുന്നതിന് മുമ്പായി എൻഡോസൾഫാൻ നിർവ്വീര്യമാക്കുന്നതിന്റെ തൽസ്ഥിതി അറിയിക്കുന്നതിനും എൻഡോസൾഫാൻ നിർവ്വീര്യമാക്കുന്നതിന്റെ 'standard operating procedure' സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാനും കാസർഗോഡ്, പാലക്കാട്, എറണാകുളം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**